# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 890 05/02/2020-ലെ മറുപടിക്ക്

## പ്രളയപ്രതിരോധ നയരൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) പ്രളയ പ്രതിരോധ നയരൂപീകരണത്തിന്റെ ഭാഗമായി ജലവിഭവ വകുപ്പ് തിരുവനന്തപുരത്ത് ദേശീയ സമ്മേളനം സംഘടിപ്പിച്ചിരുന്നോ യെന്ന് വ്യക്തമാക്കുമോ ; | എ 2018-2019 വർഷങ്ങളിൽ സംസ്ഥാനത്തു ണ്ടായ പ്രളയത്തിന്റെ വെളിച്ചത്തിൽ , ഭാവിയിൽ ഇത്തരം ദുരന്തങ്ങളെ എങ്ങനെ ഫലവത്തായി അഭിമുഖീകരിക്കാം എന്ന വിഷയത്തെ അടിസ്ഥാനമാക്കി , ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ , 2020 ജനുവരി 23,24 തീയതികളിൽ തിരുവന ന്തപുരത്ത് ഒരു ദേശീയ ശിൽപ ശാല സംഘടിപ്പിക്കുകയുണ്ടായി. |
| ബി) പ്രസ്തുത സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ബി പ്രസ്തു ശില്പശാലയിൽ ഈ വിഷയത്തിലെ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പി ക്കുകയുണ്ടായി. പ്രധാനമായും ചുവടെ ചേർക്കുന്ന വിഷയങ്ങൾ വിശദമായി അവലോകനം ചെയ്യുകയുണ്ടായി.<br>(i) നെതർലാൻഡ്സ് മാതൃകയിലുള്ള, 'നദിക്ക് വഴിയൊരുക്കുന്ന പദ്ധതി' ( Room for River) എങ്ങനെ കുട്ട നാട്ടിലെ വെള്ളപ്പൊക്കത്തെ നിയന്ത്രി ക്കുന്നതിന് നടപ്പാക്കാം;<br>(ii) ചൈനീസ് മാതൃകയിലുള്ള ' സ്പോഞ്ച് സിറ്റി' എന്ന ആശയത്തിന്റെ അടിസ്ഥാ നത്തിൽ കൊച്ചിയിലെ വെള്ളപ്പൊക്കം എങ്ങനെ നിയന്ത്രിക്കാം ;<br>(iii) പമ്പാ, അച്ചൻകോവിൽ, മണിമല, പെരിയാർ, മീനച്ചൽ, ചാലിയാർ എന്നീ നദികളിൽ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകളുടെ സാധ്യത; |

(iv) നദീതട മാനേജ്മെന്റ് , സംയോജിത വെള്ളപ്പൊക്ക പരിപാലനം എന്നീ ആശയങ്ങളുടെ ആവിഷ്ക്കാരം

(v) വെള്ളപ്പൊക്ക സാധ്യത കൂടിയ നദികളിൽ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങളുടെ സ്ഥാപിക്കൽ. മേൽവിഷയങ്ങളിന്മേൽ നടത്തിയ ചർച്ചകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചു കൊണ്ട് ഒരു വിശദമായ ഒരു റിപ്പോർട്ട് തുടർ നടപടിക്കായി , തയ്യാറാക്കി വരുന്നുണ്ട്.

Renuka Sankar
**സെക്ഷൻ ഓഫീസർ**